ഉത്തരം

(എ) ഉണ്ട്.

(ബി) പാപ്പിനിശ്ശേരി.

(സി) ജി.ഒ.(ആർ‌ടി.) നമ്പർ 26/10/ടി.ഡി. തീയതി 11-1-2010, ജി.ഒ.(ആർ‌ടി.) നമ്പർ 507/10/ടി.ഡി. തീയതി 11-6-2010 എന്നിവ പ്രകാരം, 51 ഗോഡൗൺ തുടങ്ങുന്നതിന് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ഡി) എത്രയും വേഗം പ്രവർത്തനം ആരംഭിക്കുന്നതാണ്.

**കുട്ടനാട്ടിൽ എക്സൈസ് വകുപ്പിന് പുതിയ കെട്ടിടം**

111 (1074) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിൽ എക്സൈസ് വകുപ്പിന് ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) കുട്ടനാട്ടിൽ എക്സൈസ് വകുപ്പിന് അനുവദിച്ചിരുന്ന സ്പീഡ് ബോട്ട് 'സിൽക്കിൽ' നിന്നും നിർമ്മാണം പൂർത്തിയാക്കി ലഭ്യമാക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കുട്ടനാട്ടിൽ എക്സൈസ് വകുപ്പിന് ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്.

(ബി) കുട്ടനാട്ടിൽ എക്സൈസ് വകുപ്പിനുവേണ്ടി നിർമ്മാണത്തിലിരിക്കുന്ന മോട്ടോർ ബോട്ടിന്റെ നിർമ്മാണ ചെലവായ ഒന്നാം ഗഡു പണമായ 3,36,000 രൂപ, 6-11-2010-ൽ ബോട്ട് നിർമ്മാണ കമ്പനിക്ക് നൽകിയിട്ടുണ്ട്. ബോട്ടിന്റെ നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**നിയമവിരുദ്ധ കശുവണ്ടി സംസ്കരണ കേന്ദ്രങ്ങൾ**

112 (1075) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി മേഖലയിൽ നിയമവിരുദ്ധമായി കശുവണ്ടി സംസ്കരണ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനെതിരെ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) കൂടിൽ വറുപ്പ് നിരോധനം പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കശുവണ്ടി കുടിൽവ്യവസായം തടയുന്നതിന് ഈ സർക്കാർ പുറപ്പെടുവിച്ച 2007-ലെ അൺ രജിസ്റ്റേർഡ് കാഷ്യൂനട്ട് ഫാക്ടറീസ് പ്രൊഹിബിഷൻ ആക്ട് പ്രകാരം നിയമപരമായി നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) അനധികൃത കശുവണ്ടി സംസ്കരണ കേന്ദ്രങ്ങളുടെയും കുടിൽവ്യവസായ കേന്ദ്രങ്ങളുടെയും പ്രവർത്തനം നിരോധിക്കുന്നതിനുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലവിലുള്ള 1967-ലെ കാഷ്യൂനട്ട് ഫാക്ടറി പ്രൊഹിബിഷൻ ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തി നിയമനിഷേധങ്ങൾക്ക് കടുത്ത ശിക്ഷ (2 വർഷം തടവും ഒരു ലക്ഷം രൂപ പിഴയും) ഉൾപ്പെടുത്തി കൊണ്ട് പുതിയ നിയമം പാസ്സാക്കി. പുതിയ നിയമപ്രകാരമുള്ള നടപടികൾ പ്രാവർത്തികമാക്കുന്നതിന് ഒരു സ്പെഷ്യൽ സ്കാഡ് രൂപീകരിക്കുകയും. ഈ സ്പെഷ്യൽ സ്കാഡ് നൂറിൽപ്പരം കുടിവറുപ്പ് കേന്ദ്രങ്ങളിൽ റെയ്ഡ് നടത്തി ഈ കേന്ദ്രങ്ങൾ നിർത്തലാക്കുകയും ചെയ്തു. കൂടാതെ വൻതോതിൽ അനധികൃത സംസ്കരണം നടത്തിവന്നിരുന്ന ആറ് ഉടമകൾക്കെതിരെ നിയമനിഷേധത്തിന് കേസ് രജിസ്റ്റർ ചെയ്തു. ഈ കേസുകൾ കോടതികളുടെ പരിഗണനയിലാണ്.

**കശുവണ്ടി തൊഴിലാളികളുടെ വേതനം**

113 (1076) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ :

(ബി) തൊഴിലാളികളുടെ പി.എഫ്, ഇ.എസ്.ഐ ആനുകൂല്യങ്ങൾ കൃത്യമായി അടയ്ക്കാത്ത സ്ഥാപനങ്ങൾ ഏതൊക്കെയെന്നും അവയ്ക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 3-1-2011-ലെ സ.ഉ.(കൈ) 1/2011/തൊഴിൽ നമ്പർ വിജ്ഞാപന പ്രകാരം കശുവണ്ടി വ്യവസായത്തിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു)*

(ബി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVED Kerala Legislative Assembly